ഭരണാനുമതി ലഭിച്ചത് 38.40 കോടി രൂപയാണ്. 2014-15 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുപ്പോൾ കരാറുകാർ പങ്കെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നതിനാലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടായത്.

വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം

22 (362) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിൽ എത്ര ഗ്രണഭോക്താക്കൾ ഉണ്ട് ;

(ബി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് നെടുമൺകാവിലോ ഓടനാവട്ടത്തോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 19060 ഗ്രണഭോക്താക്കൾ ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന വൈദ്യുതി പദ്ധതികൾ

23 (363) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വർഷം ലോഡ്ഷെഡിംഗോ, പവർകട്ടോ ആവശ്യമായി വരുമോ എന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിനാവശ്യമായ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി പദ്ധതികളുടെ പുരോഗതി ബോർഡ്/സർക്കാർ തലത്തിൽ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി (പി.എം.സി.) യഥാസമയത്ത് യോഗംനടത്തി വേണ്ടതീരുമാനങ്ങൾ എടുക്കാറുണ്ട്.

(ബി) ഈ വർഷം വൈദ്യുതിബോർഡ്, സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും മറ്റ് വൈദ്യുതി ഉത്പാദകരിൽനിന്നും കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയുമാണെങ്കിൽ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ ആവശ്യമായി വരുന്നില്ല. എന്നാൽ നിലവിൽ രാജ്യത്തെ മറ്റ് മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും, ദക്ഷിണ ഗ്രിഡിൽതന്നെ S1 മേഖലയിൽനിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നതിനാൽ കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES തുടങ്ങിയവയിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരുവാൻ സാധിക്കാത്തതുമൂലമുള്ള കറവ് പരിഹരിക്കുകയും അതുവഴി ലോഡ്ഷെഡ്ഡിംഗും, പവർകട്ടും ഒഴിവാക്കുകയും ചെയ്യുവരുന്നത്.

(സി) അനുബന്ധമായി ചേർക്കുന്നു. *

ഇടുക്കി ജില്ലയിലെ ശ്രുകമ്പമാപിനികൾ

24 (364) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വൈദ്യുതി ബോർഡ് എവിടെയെല്ലാമാണ് ശ്രുകമ്പമാപിനികൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എപ്പോഴൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും ഓരോന്നിനും എന്ത് തുക ചെലവായിട്ടുണ്ട് എന്നും ഇത് ഓരോന്നും ഏതൊക്കെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly